# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 9

## വാർത്താക്കുറിപ്പ്

---

## രാജ്യത്തെ മികച്ച നൂറ് സർവകലാശാലകളിൽ 30–ാം സ്ഥാനത്തേക്കുയർന്ന് എം.ജി.

**– എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ 34ൽ നിന്ന് 30ലേക്ക്**

രാജ്യത്തെ മികച്ച 100 സർവകലാശാലകളിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് 30–ാം സ്ഥാനം. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നാഷണൽ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ 34–ാം സ്ഥാനത്തുനിന്നാണ് ഈ വർഷം 30–ാം സ്ഥാനത്തേക്ക് എം.ജി. ഉയർന്നത്. കേരളത്തിൽ നിന്ന് നാലു സർവകലാശാലകൾ മാത്രമാണ് ആദ്യ നൂറിനുള്ളിൽ ഇടം പിടിച്ചത്. എം.ജി.യുടെ സ്കോർ 48.08 ആണ്. റാങ്കിംഗിൽ താഴേക്ക് പോകാതെ തുടർച്ചയായ മുന്നേറ്റമാണ് എം.ജി. കാഴ്ചവയ്ക്കുന്നത്.

ഗവേഷകരടക്കമുള്ള വിദ്യാർഥികളുടെ എണ്ണം, സ്ഥിരാധ്യാപക-വിദ്യാർഥി അനുപാതം, ഡോക്ടറേറ്റ് നേടിയ അധ്യാപകരുടെ എണ്ണവും പ്രവൃത്തി പരിചയവും, മൊത്തം ബജറ്റും അതിന്റെ വിനിയോഗവും, പബ്ലിക്കേഷനുകളുടെ എണ്ണം, ഗുണനിലവാരം, പേറ്റന്റുകൾ, പ്രൊജക്ടുകൾ, പ്രൊഫഷണൽ പ്രാക്ടീസ്, എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ജോലിക്കും ഉന്നത വിദ്യാഭ്യാസത്തിനുമുള്ള പ്ലെയ്സ്മെന്റുകൾ, സർവകലാശാല പരീക്ഷകൾക്കുള്ള മെട്രിക്, മികച്ച സർവകലാശാലകളിൽ പ്രവേശനം നേടിയ ബിരുദ വിദ്യാർഥികളുടെ എണ്ണം, വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർഥികളുടെ എണ്ണം, വനിതകളുടെ എണ്ണം, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളുടെ എണ്ണം, ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കൊരുക്കിയ സൗകര്യങ്ങൾ തുടങ്ങി 21ഓളം ഘടകങ്ങളാണ് റാങ്കിംഗിനായി പരിഗണിച്ചത്.

രാജ്യത്തെ മികച്ച പത്ത് സർവകലാശാലകളിലൊന്നായി എം.ജി.യെ മാറ്റുകയാണ് ലക്ഷ്യമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സംസ്ഥാനത്തെ മികച്ച സർവകലാശാലയ്ക്ക് ഗവർണർ ഏർപ്പെടുത്തിയ 'ചാൻസലേഴ്സ് അവാർഡ്' 2015-16ലും 2017-18ലും എം.ജി. നേടിയിട്ടുണ്ട്. 2018ലെ ഇന്ത്യാടുഡേ എം.ഡി.ആർ.എ. റാങ്കിംഗിൽ രാജ്യത്തെ മികച്ച 11–ാമത്തെ സർവകലാശാലയായി എം.ജി. തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

(പി.ആർ.ഒ./39/698/2019)

## പുതുക്കിയ പരീക്ഷ തീയതി

ഏപ്രിൽ 11ന് നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ (പുതിയ സ്കീം/പഴയ സ്കീം) ബി.ടെക് പരീക്ഷകൾ ഏപ്രിൽ 12നും അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും നാലാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഏപ്രിൽ 17നും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതി, സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/699/2019)

## അപേക്ഷ തീയതി നീട്ടി

പരാജയപ്പെട്ട വിദ്യാർഥികൾക്കായുള്ള അഞ്ചാം സെമസ്റ്റർ (2013, 2014, 2015, 2016 അഡ്മിഷൻ) സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ ഒൻപതുവരെയും 500 രൂപ പിഴയോടെ 11 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/700/2019)

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 10 വരെയും 500 രൂപ പിഴയോടെ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/701/2019)

## പരീക്ഷ ഫലം

2018 ഏപ്രിലിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇക്കണോമിക്സ് പ്രൈവറ്റ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/702/2019)

## എൻ.എസ്.എസ്. വോളണ്ടിയേഴ്സിന്റെ പട്ടിക അപ്ലോഡ് ചെയ്യണം

എം.ജി. സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ 2017-19 വർഷത്തെ സർട്ടിഫിക്കറ്റിന് യോഗ്യതയുള്ള വോളണ്ടിയേഴ്സിന്റെ പട്ടിക www.nss.mgu.ac.in എന്ന വെബ്സൈറ്റിൽ ഏപ്രിൽ 15നകം അപ്ലോഡ് ചെയ്യണം.

(പി.ആർ.ഒ./39/703/2019)

## പരീക്ഷ അപേക്ഷകൾ നൽകേണ്ടത് പരീക്ഷ കൺട്രോളർക്ക്

വിദ്യാർഥികൾ പരീക്ഷ സംബന്ധമായ അപേക്ഷകൾ പരീക്ഷ കൺട്രോളറുടെ പേരിൽ മാത്രം അയയ്ക്കണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു. പരീക്ഷ സംബന്ധമായ അപേക്ഷകൾ രജിസ്ട്രാറുടെ പേരിൽ അയയ്ക്കരുത്.

(പി.ആർ.ഒ./39/704/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ